സെന്റ് തോമസ് കോളജ് പാലാ ഓട്ടോണോമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

December 2024
Vol. 1 Issue 2 pages 5-9

പാലൈ
PALAI பாலை
ISSN No: 3049-0316

# ഗൾഫ് കുടിയേറ്റാനന്തര കേരളീയ ജീവിതം



**ഡോ. ജൈനിമോൾ. കെ.വി.***

**പ്രബന്ധ സംഗ്രഹം**

ഗൾഫ് കുടിയേറ്റം കേരളീയ ജീവിതത്തിന്റെ സമസ്തമേഖലകളിലും വരുത്തിയ പരിവർത്തനങ്ങളെ ഈ പ്രബന്ധത്തിൽ വിശകലനം ചെയ്യുന്നു. കുടിയേറ്റംവഴി ഉണ്ടാക്കിയെടുത്ത മൂലധന സ്രോതസ്സ് ആധുനിക കേരളത്തിന്റെ പിറവിയിൽ നിർണ്ണായക ഘടകമാണ്.

**താക്കോൽ വാക്കുകൾ:** സംസ്കാരം, ഗൾഫ്പ്രവാസം, കുടിയേറ്റാനന്തരജീവിതം, സമൂഹരൂപീകരണം

സമ്പന്നമായ ഒരു പ്രവാസപാരമ്പര്യമാണ് ഇന്ത്യക്കാർക്ക് പ്രത്യേകിച്ച് മലയാളികൾക്ക് ഗൾഫ് രാജ്യങ്ങളിലുള്ളത്. ബ്രിട്ടീഷ് കോളനി കാലഘട്ടത്തിൽ ലോകത്തിന്റെ പല ഭാഗങ്ങളിലേക്കും ഇന്ത്യക്കാർ യാത്ര ചെയ്തുതുടങ്ങി. മലയാളികളും തമിഴരും പഞ്ചാബികളും ഗുജറാത്തികളുമാണ് ഇതിൽ മുന്നിൽനിൽക്കുന്നത്. ആദ്യകാലത്ത് അതിജീവനത്തിനായുള്ള പ്രവാസമായിരുന്നുവെങ്കിൽ പിന്നീട് ധനസമ്പാദനത്തിനുള്ള മാർഗ്ഗം എന്ന നിലയിലേക്ക് അത് മാറി.

1970 കളുടെ ഉടക്കത്തിൽ എണ്ണകയറ്റുമതി സമ്പദ് വ്യവസ്ഥയുടെ ഫലമായി ലോകമെമ്പാടുമുള്ള ആളുകൾ തൊഴിൽതേടി ഗൾഫിലേക്ക് കുടിയേറാൻ ആരംഭിച്ചു. 1990 കളോടെ ആരംഭിച്ച ആഗോളവൽക്കരണം ഈ പ്രക്രിയയ്ക്ക് ആക്കംകൂട്ടി. കുടിയേറ്റ തൊഴിലാളികളെ ഗൾഫ് രാജ്യങ്ങൾക്ക് ആവശ്യമായിവന്നു. അതുപോലെ സൗദി അറേബ്യ പോലെയുള്ള അറബ് രാജ്യങ്ങളിൽനിന്ന് യമൻ, പലസ്തീൻ എന്നിവിടങ്ങളിലെ തൊഴിലാളികളെ പിൻവലിച്ചതിന്റെയും ഇറാഖിന്റെ മേൽ കുവൈത്ത് അധീശത്വം സ്ഥാപിച്ചതിന്റെയും ഫലമായി ദക്ഷിണേഷ്യക്കാർക്ക് ഇന്നാടുകളിലേക്ക് കുടിയേറാനുള്ള കൂടുതൽ അവസരവും കൈവന്നു. ധനസമ്പാദനം, ദാരിദ്ര്യം, തൊഴിലില്ലായ്മ എന്നിങ്ങനെ അനവധി കാരണങ്ങളുണ്ട് ഈ പ്രവാസത്തിനുപിന്നിൽ. സൗത്ത് ഏഷ്യൻ മനുഷ്യശക്തിയുടെ ചില സ്വഭാവസവിശേഷതകളായ അനുസരണ, രാഷ്ട്രീയ നിഷ്പക്ഷത, നിശ്ചിത വേതനവ്യവസ്ഥകളിൽ പ്രവർത്തിക്കാനുള്ള സന്നദ്ധത, അർപ്പണമനോഭാവം എന്നിവയും ഈ പ്രക്രിയയെ സഹായിച്ചു.

* അസിസ്റ്റന്റ് പ്രൊഫസ്സർ, സി.എ.എസ്. കോളേജ്, മാടായി

എണ്ണഖനനം, കെട്ടിടനിർമ്മാണം തുടങ്ങിയ തൊഴിലുകൾ ചെയ്യുന്നതിനായി ധാരാളം മലയാളികൾ എത്തിച്ചേർന്നു. 1970 മുതൽ 1983 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിൽനിന്ന് ജി.സി.സി രാജ്യങ്ങളിലേക്ക് വലിയ തോതിലുള്ള കുടിയേറ്റം ഉണ്ടായി. ഇത് 'ഗൾഫ് ബൂം' എന്നാണറിയപ്പെടുന്നത്. 2010 ൽ ജി.സി.സി. രാജ്യങ്ങളിൽ 3.5 ദശലക്ഷത്തിലധികം മലയാളികൾ ഉണ്ടായിരുന്നുവെന്ന് കണക്കുകൾ പറയുന്നു. ഇവരോരുത്തരുടെയും ജീവിതാവശ്യങ്ങൾ വ്യത്യസ്തമാണ്. ആദ്യകാലങ്ങളിൽ കുടിയേറിപ്പാർത്തവരുടെ ഇവിടങ്ങളിലെ ജീവിതം താൽക്കാലിക സ്വഭാവമുള്ളതായിരുന്നു. സ്വന്തം ദേശത്തേക്ക് മടങ്ങാനുള്ള ത്വര ഗൾഫ് പ്രവാസിസമൂഹത്തിൽ തുടക്കം മുതൽ നിലീനമായിട്ടുണ്ട്.

25 ലക്ഷത്തിലധികം മലയാളി പ്രവാസികൾ ഗൾഫ് രാജ്യങ്ങളിൽ വിവിധതരം തൊഴിലുകളെടുത്ത് ജീവിക്കുന്നു. വീട്ടുജോലിക്കാർ, അധ്യാപകർ, നഴ്സുമാർ എന്നിങ്ങനെ എല്ലാ തൊഴിൽ മേഖലകളിലും മലയാളികൾ പ്രവർത്തിക്കുന്നു. തോട്ടംപണി ചെയ്യുന്നവർ, സൂപ്പർമാർക്കറ്റ് ജീവനക്കാർ, തയ്യൽക്കാർ, ഹോട്ടൽ തൊഴിലാളികൾ എന്നിങ്ങനെ ലേബർ ക്യാമ്പുകളിൽ കൂട്ടമായി താമസിക്കുന്നവരും ഒറ്റപ്പെട്ടുതാമസിക്കുന്ന വീട്ടുജോലിക്കാരും മൃഗപാലകരും ഒക്കെയാണ് ഇവരിൽ എണ്ണത്തിൽ കൂടുതൽ. ഗൾഫ് നാട്ടുകളിലേക്കുള്ള പലായനം തൊഴിൽപരമായ കുടിയേറ്റമാണ്.

### പുതിയ കേരളത്തിന്റെ പിറവി

അൻപതുകളിലും അറുപതുകളിലും പേർഷ്യൻ ഗൾഫിലേക്കുള്ള കുടിയേറ്റം ആരംഭിച്ചിരുന്നു. മെച്ചപ്പെട്ട ജീവിതം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യവും അക്കരെ കടന്നാൽ രക്ഷപ്പെടും എന്ന വിശ്വാസവുമാണ് ഇതിനു പിന്നിൽ. സലിം അഹമ്മദ് സംവിധാനംചെയ്ത പത്തേമാരി എന്ന സിനിമയിൽ ആദ്യകാല പ്രവാസിയെ അവതരിപ്പിക്കുന്നുണ്ട്. ഒരു പഴയ ചരക്കുകപ്പലിൽ കേരള തീരത്തുനിന്ന് ഗൾഫിലേക്കുള്ള ഒരു ചെറുപ്പക്കാരന്റെ യാത്രയാണ് ഈ സിനിമയുടെ പ്രമേയം. സമൃദ്ധമായ ഒരു ജീവിതമാണ് മറുനാട്ടിലേക്കു പുറപ്പെടുന്നവരുടെ സ്വപ്നം. 1960 കളുടെ മധ്യത്തിൽ പേർഷ്യൻ ഗൾഫിലെ എണ്ണക്കിണറുകളിൽ പണിയെടുക്കാൻ തൊഴിലാളികളെ ആവശ്യമായിവന്നു. പേർഷ്യൻ ഗൾഫിലെത്തിച്ചേർന്ന അവർ രാപകലില്ലാതെ അധ്വാനിച്ചു. മരുഭൂമിയിൽ അന്തിയുറങ്ങിയും പട്ടിണി കിടന്നും തങ്ങൾക്കു പരിചിതമല്ലാത്ത ജനപഥങ്ങളിൽ അവർ ജീവിതം കരുപ്പിടിപ്പിക്കാനാരംഭിച്ചു. തൊഴിൽ തേടിയിറങ്ങിയ മലയാളികളായ പ്രവാസികളുടെ ആദ്യ തലമുറയ്ക്ക് തങ്ങൾ എവിടേക്കാണു പോകുന്നതെന്നറിയില്ലായിരുന്നു. കാതങ്ങൾക്കപ്പുറമുള്ള തങ്ങളുടെ പ്രിയപ്പെട്ടവരുടെ ഓർമ്മകളിൽ മനസ്സു നീറി അനാഥത്വവും അന്യതാബോധവുംപേറി അവർ ജീവിതം തള്ളിനീക്കി. ഇതേപ്പറ്റി ബെന്യാമിൻ ഇങ്ങനെ എഴുതുന്നു: ഗൾഫ് നാട്ടുകളിൽ ആദ്യമായി എണ്ണഖനനം ആരംഭിച്ച ബഹ്റൈനിൽ 1932ൽ തന്നെ 500 ന് മുകളിൽ ഇന്ത്യക്കാർ ജോലി ചെയ്തിരുന്നതായി അറിയാം. അതിൽതന്നെ നിരവധി മലയാളികളും ഉണ്ടായിരുന്നു. ഒറ്റപ്പെട്ടതും ചിതറിയതുമായ ഒരു സമൂഹമായിരുന്നില്ല അത്. അതുകൊണ്ടാണ് 1947ൽ തന്നെ കേരളം എന്ന സംസ്ഥാനം രൂപപ്പെടുന്നതിനു മുൻപേ അവിടെ ഒരു കേരളീയ സമാജം സ്ഥാപിതമാകുന്നത്. 1946 ൽ കുവൈറ്റ് ഓയിൽ കമ്പനി എണ്ണ ഖനനം തുടങ്ങി. അന്ന് 500 നും 600 നും ഇടയിൽ മലയാളികൾ അവിടെ എത്തിപ്പെട്ടു എങ്കിൽ എഴുപതുകളുടെ തുടക്കമായപ്പോഴേക്കും അത് മൂന്നു ലക്ഷമായി വർദ്ധിച്ചു. സമാനമായ യാത്രകൾ ഒമാൻ, സൗദി, ഖത്തർ, യു.എ.ഇ. എന്നിങ്ങനെ മറ്റു ഗൾഫ് രാജ്യങ്ങളിലേക്കും ഉണ്ടായി. 70 കളുടെ തുടക്കത്തിൽ എണ്ണ വിലയിൽ വൻവർദ്ധന ഉണ്ടായതോടെ ഗൾഫ് മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു കുതിച്ചുചാട്ടം ഉണ്ടായി. അത് മലയാളികൾക്ക് ഏറെ ഗുണപ്രദമായി. അവർ എത്തപ്പെട്ട വഴി പലതായിരുന്നെങ്കിലും (ബോംബെയിലെ ഏജന്റ് വഴി , കൂട്ടുകാർ വഴി, ബന്ധുക്കൾ വഴി, നേരിട്ടുള്ള നിയമനങ്ങൾ വഴി) അവർ ഏർപ്പെട്ട തൊഴിലുകളിൽ വ്യത്യസ്തത ഉണ്ടായിരുന്നുവെങ്കിലും കഴിവുള്ളവരെയും കഠിനാധ്വാനികളെയും ഗൾഫ് കൈവിട്ടില്ല എന്നതായിരുന്നു സത്യം (2017:56).

ഗൾഫ് കുടിയേറ്റം മലയാളികളുടെ ജീവിതത്തെ പാടെ മാറ്റിമറിച്ചു. കേരളത്തിൽ സമ്പന്നരും സംരംഭകരും കച്ചവടക്കാരും ഉണ്ടായി. അറേബ്യൻ നാട്ടുകളുടെ നിറവും മണവും തിരിച്ചറിഞ്ഞ പ്രവാസി

 ISSN No: 3049-0316


നാട്ടിൽ തിരിച്ചെത്തിയത് മരുഭൂമിയിൽ അധ്വാനിച്ചുനേടിയ മണികിലുക്കവും പുതിയ സ്വപ്നങ്ങളുമായാണ്. പാർപ്പിടം, വിദ്യാഭ്യാസം, ഭക്ഷണം, ആരോഗ്യം, വസ്ത്രം, കെട്ടിടനിർമ്മാണം തുടങ്ങിയ മേഖലകളിലെല്ലാം പ്രവാസി മാറ്റം കൊണ്ടുവന്നു. കേരളത്തിൽ ഗൾഫ് കുടിയേറ്റം ദൂരവ്യാപകമായ ഫലങ്ങളാണുണ്ടാക്കിയത്. ഓലപ്പുരകൾക്കും ഓടുമേഞ്ഞ ചെറിയ വീടുകൾക്കും പകരം കോൺക്രീറ്റ് സൗധങ്ങൾ ഉയർന്നുവന്നു. മെച്ചപ്പെട്ട ജീവിതസാഹചര്യം മധ്യവർഗത്തിനും കൈവന്നതോടെ ജാതീയമായ വേർതിരിവുകൾ അപ്രസക്തമായി. "കേരള മുന്നേറ്റത്തിൽ ഇനിയും അടയാളപ്പെടുത്താതെ പോയ ഒന്നാണ് പ്രവാസത്തിന്റെ അടരുകൾ. തൊഴിൽ വിഭജനത്തിന്റെ ജാതീയത തകർത്തത് പ്രവാസമാണ്. നാട്ടുനടപ്പിനനുസരിച്ച് നിശ്ചിത തൊഴിലുകൾ നിശ്ചിത വിഭാഗങ്ങൾക്ക് എന്ന മുൻഗണനയെ അത് അട്ടിമറിച്ചു. ആർക്കും എന്തു തൊഴിലും സ്വീകാര്യമാണ് എന്ന ഉയർന്ന അവസ്ഥ കൈവന്നു. നാട്ടിൽനിന്ന് അകന്നുനിൽക്കുമ്പോൾ 'അവൻ ഗൾഫിലാണ്' എന്ന ഒറ്റ സംജ്ഞയിൽ എല്ലാം മറക്കാനുള്ള സൗകര്യവും കൈവന്നു. ചാർത്തപ്പെട്ട മുൻവിധികളുടെ പ്രശ്നം അതോടെ ഇല്ലാതായി. പുതിയ സാഹചര്യം തൊഴിലിടങ്ങളിലെ സംഘബോധം, അടിസ്ഥാനസൗകര്യമേഖലയിലൂടെ രൂപപ്പെട്ട എണ്ണമറ്റ തൊഴിൽ സാധ്യതകൾ, കൂടുതൽ മെച്ചപ്പെട്ട ഇടങ്ങൾ തേടാനുള്ള അവസരം, പ്രാവീണ്യത്തിന്റെയും കഠിനാധ്വാനത്തിന്റെയും അടിസ്ഥാനത്തിൽ മുന്നേറ്റംനടത്താൻ കഴിയുന്ന സാഹചര്യം എന്നിവ കുറഞ്ഞ വിദ്യാഭ്യാസമുള്ളവർക്കുപോലും വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ ഇടയായി. ഗൾഫിലെ ഒരുമിച്ചുള്ള പാർക്കലുകൾ ആളുകളെ പരസ്പരബന്ധരാക്കി. അവിടെ മതവും ജാതിയും പ്രശ്നമായില്ല. പരസ്പരവിശ്വാസവും ആത്മബന്ധവും ആളുകളെ വഴിനടത്തി." (എം.സി.എ. നാസർ, പ്രബോധനം വാരിക, 2020 ആഗസ്റ്റ് 14) ഇത്തരത്തിൽ കേരളീയ നവോത്ഥാനത്തിന് അടിത്തറ പാകുന്നതിൽ ഭൂപരിഷ്കരണത്തോടൊപ്പം തന്നെ ഗൾഫ് പ്രവാസവും പങ്കുവഹിച്ചിട്ടുണ്ട്.

## സാമ്പത്തികമായ മാറ്റങ്ങൾ

ഗൾഫ് കുടിയേറ്റം കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഗുണപരമായ മാറ്റങ്ങളാണുണ്ടാക്കിയത്. പലപ്പോഴും കേരളത്തിന്റെ റവന്യൂ വരുമാനത്തിന്റെ എത്രയോ ഇരട്ടി പണമാണ് ഗൾഫ് നാടുകളിൽ നിന്ന് ഒഴുകിയെത്തിയത്. ആകർഷകമായ വരുമാനമാണ് മലയാളിയെ ഗൾഫിലേക്കാകർഷിച്ചത്. അക്കാദമികയോഗ്യതയേക്കാൾ ജോലിയിലുള്ള വിശ്വാസവും കൂറും പണിയിലുള്ള മികവുമാണ് ഗൾഫിൽ എത്തുന്ന മലയാളിയുടെ തലവര നിശ്ചയിച്ചത്. ജോലി തേടിയെത്തിയ മലയാളികൾ എല്ലാ മേഖലകളിലും പ്രവർത്തിച്ചു. പൂന്തോട്ടപരിപാലനം, കച്ചവടം, അടുക്കളപ്പണി, ടൈലറിംഗ്, കൺസ്ട്രക്ഷൻപണികൾ, ഫാക്ടറികൾ, ഗ്രോസറി ഷോപ്പുകൾ തുടങ്ങിയ കഠിനമായ ശാരീരികാധ്വാനം ആവശ്യമായ ജോലികൾ മുതൽ അധ്യാപനം, നഴ്സിംഗ്, കമ്പനി മാനേജർ, ബാങ്കിംഗ് തുടങ്ങിയ വൈവിധ്യമാർന്ന മേഖലകളിൽ വരെ മലയാളി പ്രാഗത്ഭ്യം തെളിയിച്ചു.

ഗൾഫ് നാടുകളിലേക്കു തൊഴിൽതേടി പോവുകയും പിന്നീട് അവിടെ സ്വന്തം സാമ്രാജ്യം സൃഷ്ടിക്കുകയുംചെയ്ത ധാരാളം മലയാളികളുമുണ്ട്. എം.എ. യൂസഫലി, ബി. രവി പിള്ള, ജോയ് ആലുക്കാസ്, ആസാദ് മൂപ്പൻ, ആർ. ഹരികുമാർ, പി.വി അബ്ദുൾ വഹാബ്, പി.എൻ.സി. മേനോൻ, ശംശീർ വയലിൽ, സണ്ണി വർക്കി തുടങ്ങിയവർ അവരിൽ ചിലർ മാത്രമാണ്. പലരും തങ്ങൾ സമ്പാദിച്ചതിന്റെ ഏറിയ പങ്കും കേരളത്തിൽ ചിലവഴിച്ചു. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൻകിട ഹോട്ടലുകൾ, റിസോർട്ടുകൾ , മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ തുടങ്ങി കേരളത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇവർ തുടക്കംകുറിച്ചു. ഗൾഫ് കുടിയേറ്റത്തിന്റെ ഫലമായി കേരളത്തിനു സമൃദ്ധിയും സാമ്പത്തിക സുരക്ഷയും സാമൂഹിക മാറ്റങ്ങളും കൈവന്നു.

## സാംസ്കാരികമായ മാറ്റങ്ങൾ

കേരളീയ കുടുംബങ്ങളിലെ പാചകരീതി മുതൽ വസ്ത്രധാരണത്തിൽവരെ ഗൾഫ് പ്രവാസം മാറ്റങ്ങളുണ്ടാക്കി. ആതിഥേയരാജ്യങ്ങളുടെ സാംസ്കാരികമായ പ്രത്യേകതകൾ പോലും കുടിയേറ്റക്കാരുടെ പെരുമാറ്റത്തിലും ജീവിതരീതിയിലും പ്രതിഫലിച്ചു. ആഹാരം, വസ്ത്രം, ഭാഷ,

വാല്യം 1 ലക്കം 1 സെപ്റ്റംബർ 2024 ISSN No: 3049-0316


പാർപ്പിടം എന്നിവയിലെല്ലാം ഈ കുടിയിറങ്ങലുണ്ട് . ജീവിത ശൈലിയിൽ വന്ന മാറ്റങ്ങൾ പുതിയൊരു ഉപഭോക്തൃസംസ്കാരത്തിനു തുടക്കം കുറിച്ചു. റേഡിയോ, ഇലക്ട്രിക് ടോർച്ച്, സിഗരറ്റ്, പളപളാ മിന്നുന്ന പോളിസ്റ്റർ കുപ്പായത്തുണികൾ, പർദ്ദ, മാക്സി, മിഡി, കുട, പ്ലാസ്റ്റിക് പുൽപ്പായ, ബ്ലാങ്കറ്റുകൾ, ലൈറ്റർ, ഷർട്ട്, ബനിയൻ, വാച്ച്, മോതിരം തുടങ്ങി ടെലിവിഷൻ, വി.സി.ആർ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾവരെ കടൽകടന്ന് കേരളത്തിലെത്തി. 'ഗൾഫുകാരൻ' കൊണ്ടുവരുന്ന പെട്ടിയിൽ അത്തറും ഈന്തപ്പഴവും സുഗന്ധവ്യഞ്ജനങ്ങളും നിറഞ്ഞു. ആദ്യകാലങ്ങളിൽ ആഡംബരവസ്തുക്കളായി കണക്കാക്കിയ ഇവയെല്ലാം പിന്നീട് മലയാളികളുടെ ജീവിതത്തിന്റെതന്നെ ഭാഗമായി മാറി. കുഴിമന്തിയും ഷവർമ്മയും കുബ്ബൂസും തന്തൂരി ചിക്കനും പോലുള്ള അറേബ്യൻ വിഭവങ്ങളെല്ലാം ഇന്ന് ഏതു നാട്ടിൻപുറത്തെ കവലയിലും ലഭ്യമാണ്. കോൺക്രീറ്റ് കെട്ടിടങ്ങളിലും എടുപ്പുകളിലുമുണ്ട് ഗൾഫ് പ്രവാസത്തിന്റെ സ്വാധീനം. ഗൾഫ് കുടിയേറ്റത്തിന്റെ പ്രഭാവം കേരളീയജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും അതിവേഗം കടന്നുകയറി. ഇത് മലയാളികളുടെ ജീവിതനിലവാരത്തിൽ പല മട്ടിൽ പ്രകടമായി. ഗൾഫ് കുടിയേറ്റക്കാരിൽ ഭൂരിഭാഗമായ തൊഴിലാളികളും ഇടത്തരക്കാരും ക്രമേണ സാമൂഹികപദവി നേടിയെടുത്തു. 'ഗൾഫുകാരൻ' എന്ന മിഥ്യയിൽ ഒരു മിത്ത് ഉണ്ടായിരുന്നു. ഗൾഫ് പ്രവാസികളെ വധൂവരന്മാരായി ആളുകൾ അന്വേഷിച്ചുതുടങ്ങി. ആകർഷകമായ വരുമാനം, അവരുടെ കുറവുകൾ പരിഗണിക്കാതെ, സമ്പന്ന കുടുംബങ്ങളിൽനിന്ന് വിവാഹം കഴിക്കാൻ പ്രാപ്തരാക്കി. ഏത് ചെറിയ ജോലി ചെയ്യുന്നയാളും ഗൾഫുകാരനായി തിരിച്ചെത്തുമ്പോൾ സമൂഹത്തിൽ സ്വീകാര്യനായി മാറി. പണവുമായി നാട്ടിലെത്തുന്ന പ്രവാസി വലിയ കോൺക്രീറ്റ് വീടുകളും സ്വത്തുവകകളും സ്വന്തമാക്കി. 1980 കൾ മുതൽ കേരളത്തിലെ പ്രധാനപ്പെട്ട ചന്തകളിലെല്ലാം ദുബായ് ബസാർ, ഗൾഫ് സൂഖ് തുടങ്ങിയ 'ഗൾഫ് ഇനങ്ങൾ' വിൽക്കുന്ന കടകൾ ഉണ്ട്. ഗൾഫിൽനിന്ന് ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾക്ക് കേരളീയരുടെ ഇടയിലുള്ള ജനപ്രീതിയാണ് ഇതു വെളിപ്പെടുത്തുന്നത്.

### കുടുംബബന്ധങ്ങളിലും വിദ്യാഭ്യാസത്തിലും വന്നുചേർന്ന പരിവർത്തനങ്ങൾ

കേരളത്തിന്റെ തെക്കൻജില്ലകളെ അപേക്ഷിച്ച് മലബാർ ഭാഗത്തുനിന്നുമാണ് ഗൾഫ് നാടുകളിലേക്കുള്ള പ്രവാസം ശക്തമായി നിലനിന്നിരുന്നത്. പ്രധാനമായും മുസ്ലീം സമൂഹങ്ങളിൽ നിന്ന് വൻതോതിലുള്ള കുടിയേറ്റം സംഭവിച്ചു. ഭൂപരിഷ്കരണം നടപ്പാക്കപ്പെട്ടതോടെ തങ്ങളുടെ പ്രവാസമൂലധനമുപയോഗിച്ച് ആധുനികസൗകര്യങ്ങളുള്ള പാർപ്പിടങ്ങൾ ഓരോ പ്രവാസിയും കെട്ടിപ്പൊക്കി. അണുകുടുംബങ്ങൾ രൂപപ്പെടുകയും വീടിന്റെ നിയന്ത്രണം സ്ത്രീകൾ കയ്യാളുകയും ചെയ്തു. കുടുംബച്ചെലവുകൾ, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയവ സ്ത്രീകൾ കൈകാര്യം ചെയ്തുതുടങ്ങി. പ്രത്യേകിച്ച് മുസ്ലീം സമുദായത്തിൽപെട്ട സ്ത്രീകളെ ശാക്തീകരിക്കാൻ ഗൾഫ് കുടിയേറ്റം സഹായിച്ചു. വിദ്യാഭ്യാസത്തോടുള്ള മനോഭാവത്തിൽതന്നെ മാറ്റം സംഭവിച്ചു. തങ്ങളുടെ കുട്ടികൾ ഔപചാരികവും സാങ്കേതികവുമായ വിദ്യാഭ്യാസം നേടേണ്ടതുണ്ടെന്ന ബോധം രൂപപ്പെടുത്തുന്നതിൽ പ്രവാസം പ്രധാന പങ്കുവഹിച്ചു. മുസ്ലീം സമൂഹം സ്ത്രീവിദ്യാദ്യാസത്തിനു പ്രാധാന്യം നൽകുകയും പെൺപള്ളിക്കൂടങ്ങൾ സ്ഥാപിക്കുകയും ചെയ്തു.

### ഗൾഫ് എന്ന സ്വപ്നലോകം മലയാളസിനിമയിൽ

ധാരാളം സിനിമകളിൽ ഗൾഫ്പ്രവാസത്തെയും അതിന്റെ അനന്തരഫലങ്ങളെയും ആവിഷ്കരിച്ചിട്ടുണ്ട്. ഗൾഫിൽവെച്ച് ചിത്രീകരിച്ച ആദ്യ മലയാളചിത്രമാണ് 'വിൽക്കാനുണ്ട് സ്വപ്നങ്ങൾ'. 1980 ൽ എം.ടി. യുടെ തിരക്കഥയിൽ ആസാദ് ആണ് ഈ സിനിമ സംവിധാനം ചെയ്തത്. സിനിമയുടെ ടൈറ്റിലുകൾ തുടങ്ങുമ്പോഴുള്ള വിവരണം ഇങ്ങനെയാണ്.

"പൊന്നുവിളയുന്ന നാടു തേടി പഠിപ്പും പണിയുമില്ലാതെ നടന്ന എത്രയോ ചെറുപ്പക്കാർ പത്തേമാരിയിലും കപ്പലിലുമായി കടൽ കടന്നുപോയപ്പോൾ അറബിക്കഥയിലെന്നപോലെ അടുപ്പിൽ ചേര ഉറങ്ങിയ ചെറ്റപ്പുരകൾ കൊട്ടാരമായി മാറുന്നതും പാട്ടത്തിനും പണയത്തിലുമായ പുരയിടങ്ങൾ പണ്ട് അങ്ങാടിയിൽ ഗതിയില്ലാതെ തേരാപ്പാരാ നടന്നവൻ പറഞ്ഞ പണംകൊടുത്തു വാങ്ങുന്നതും, അത്തറിന്റെ

മണമുള്ള കൊങ്കനായി പോളിസ്റ്റർ കുപ്പായത്തിലും മുണ്ടിലും തിളങ്ങി 555 സിഗരറ്റ് പുകച്ച് കാറിൽ കയറി പോകുന്നതുംകണ്ട് ആളുകൾ അമ്പരന്നുനിന്ന കാലം." ദുബായ് എന്ന അത്ഭുതലോകം മലയാളി ആദ്യമായി കാണുന്നത് ഈ സിനിമയിലൂടെയാണ്. ഗൾഫുകാരനെ സ്വീകാര്യനാക്കുന്ന മലയാളി മനോഭാവത്തെക്കുറിച്ച് 'അക്കരെ നിന്നൊരു മാരൻ' എന്ന സിനിമയിലും അവതരിപ്പിച്ചു. 1985 ൽ ഗിരീഷ് സംവിധാനം ചെയ്ത ഈ സിനിമയിൽ തന്റെ പ്രണയിനിയെ സ്വന്തമാക്കാൻ ഗൾഫുകാരനായി വേഷം കെട്ടേണ്ടിവരുന്ന നായകനെ അവതരിപ്പിക്കുന്നു. 1987 ൽ സത്യൻ അന്തിക്കാടിന്റെ സംവിധാനത്തിൽ പുറത്തിറങ്ങിയ നാടോടിക്കാറ്റ് അക്കാലത്തെ കേരളത്തിലെ തൊഴിലില്ലായ്മയും ദാരിദ്ര്യവും അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ സംഘർഷങ്ങളുമെല്ലാം നർമ്മോക്തിയിൽ അവതരിപ്പിച്ച ചിത്രമാണ്. എങ്ങിനെയും കടൽകടന്ന് അക്കരെയെത്താനാണ് ദാരിദ്ര്യത്തിന്റെ പാരമ്യതയിൽ കഴിഞ്ഞ ഏതൊരു ചെറുപ്പക്കാരനും ആഗ്രഹിച്ചിരുന്നത്. സാധാരണക്കാരിൽ സാധാരണക്കാരായ ദാസനും വിജയനും ഗൾഫ് മോഹം പ്രതീക്ഷയായി കൊണ്ടുനടക്കുന്ന എൺപതുകളിലെ ശരാശരി മലയാളി യുവാക്കളുടെ പ്രതീകങ്ങളാണ്.

ഇവർ തങ്ങൾക്കു ലഭിക്കാൻപോകുന്ന ആർഭാടകരമായ ജീവിതം സ്വപ്നംകണ്ട് സ്വരുക്കൂട്ടിവച്ച പണവുമായി ഗൾഫിലേക്കു പോകാൻ സഹായിക്കുന്ന ഏജന്റിനെ സമീപിക്കുകയും വഞ്ചിക്കപ്പെടുകയും ചെയ്യുന്നു. പിന്നെയും ധാരാളം സിനിമകൾക്കും സാഹിത്യത്തിനും പ്രവാസവും ഗൾഫ് നാടുകളും പശ്ചാത്തലവും പ്രമേയവുമായി മാറി. വരവേൽപ്പ്, അറബിക്കഥ, മാമ്പഴക്കാലം, മഗ്രിബ്, ഗർഷോം, ഗദ്ദാമ, പത്തേമാരി, പെരുമഴക്കാലം, ആടുജീവിതം തുടങ്ങി ഒട്ടനവധി മലയാള സിനിമകൾ ഗൾഫ് പ്രവാസത്തിന്റെ വിവിധതലങ്ങൾ ചർച്ച ചെയ്യുന്നവയാണ്.

ചുരുക്കത്തിൽ ഗൾഫ് നാടുകളിലേക്കുള്ള കുടിയേറ്റം മലയാളികൾക്ക് പരിഷ്കൃത സമൂഹത്തിലേക്കുള്ള യാത്ര കൂടിയായിരുന്നു.

ഗൾഫ് കുടിയേറ്റം ഇല്ലായിരുന്നുവെങ്കിൽ, ഉയർന്ന തോതിലുള്ള തൊഴിലില്ലായ്മയും ദാരിദ്ര്യവും കേരളത്തെ തീവ്രവാദത്തിന്റെയും വർഗീയതയുടെയും സാമൂഹികസംഘർഷങ്ങളുടെയും കേന്ദ്രമാക്കി മാറ്റുമായിരുന്നു എന്ന് ഈ മേഖലയിൽ പഠനംനടത്തിയ പ്രൊഫ. ഇരുദയ രാജൻ പറയുന്നു. കേരളത്തിന്റെ അടുക്കളയിലും അകത്തളത്തിലും തുടങ്ങി സമൂഹത്തിന്റെ നാനാമേഖലകളിലും ഗൾഫ് പ്രവാസം വിപ്ലവകരമായ ചലനംസൃഷ്ടിച്ചു. ദളിതരും ആദിവാസികളും ഒഴികെയുള്ള എല്ലാ മലയാളി സമൂഹങ്ങളും കുടിയേറ്റംകൊണ്ട് സാമ്പത്തികമായി നേട്ടം ഉണ്ടാക്കി.

### സഹായക ഗ്രന്ഥങ്ങൾ

ബെന്യാമിൻ, കുടിയേറ്റം, 2016, ഡി.സി ബുക്സ്, കോട്ടയം
ശിവദാസ് കെ.കെ, 2019, പ്രവാസം: പ്രതിനിധാനവും സർഗ്ഗാത്മകതയും, ഇൻസൈറ്റ് പബ്ലിക്ക, കോഴിക്കോട്